## കേരള സർക്കാർ

സംഗ്രഹം

വനിതാ-ശിശു വികസന വകുപ്പ് - സ്റ്റേറ്റ് നിർഭയ സെൽ – 'കാവൽ പ്ലസ് 2026-27' – തുടർ പ്രവർത്തനങ്ങൾക്കായി തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വനിതാ-ശിശു വികസന (സി) വകുപ്പ്

**G.O.(Rt)No.290/2026/WCDD** **Dated,19/08/2026**

എ.എസ് നമ്പർ : AS/WCD/26/52382 കാലാവധി : 31/03/2027

പരാമർശം:- 1. വനിത-ശിശു വികസന വകുപ്പ് ഡയറക്ടറുടെ 25.06.2026 -ലെ DWCD/2215/2026-NCPOK നമ്പർ കത്ത്
2. 24.07.2026-തീയതിയിലെ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടി കുറിപ്പ്

## ഉത്തരവ്

ലൈംഗികാതിക്രമം അതിജീവിച്ച കുട്ടികൾക്കും, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കും സാമൂഹ്യാധിഷ്ഠിത പുനരധിവാസം ഉറപ്പാക്കുന്നതിനായി വനിതാ-ശിശു വികസന വകുപ്പിന്റെ സ്റ്റേറ്റ് നിർഭയ സെല്ലിനു കീഴിൽ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്ന 'കാവൽ പ്ലസ്' പദ്ധതിയുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി സന്നദ്ധ സംഘടനാ കോസ്റ്റിന്റെ 80% തുകയായ ₹2,16,28,480/- രൂപയും നിർഭയ സെൽ കോസ്റ്റിന്റെ 100% തുകയായ ₹17,56,400/- രൂപയും ഉൾപ്പെടെ ആകെ ₹2,33,84,880/-രൂപ (രണ്ട് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി എൺപത്തിനാലായിരത്തി എണ്ണൂറ്റി എൺപത് രൂപ മാത്രം) 2235–02–103–68 (Plan) (01) നിർഭയ പ്രോഗ്രാംസ് (34) അദർ ചാർജ്ജസ് (3) അദർ ഐറ്റംസ് എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് സാമ്പത്തിക വിശകലനം സഹിതം വനിത-ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

സാമ്പത്തിക വിശകലനം

| Sl No | Project Components | Amount (in Rs) | Amount to be sanctioned for 2026–27 |
|---|---|---|---|
| 1 | Nirbhaya State Cell Cost | 1756400 | 1756400 |
| 2 | Cost for 24 NGOs | 20625600 | 80% of 20625600 = 16500480 |
| 3 | Cost for 5 NGOs | 6410000 | 80% of 6410000 = 5128000 |
| | Total Cost for NGOs | 27035600 | 80% of 27035600 = 21628480 |

AS/WCD/26/52382

| | Total Project Cost | 2,87,92,000 | 2,33,84,880 |
|---|---|---|---|

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-01-34-3-P-V | 2,33,84,880 | AS/WCD/26/52382 | 2027-03-31 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | കാവൽ പ്ലസ് 2026 27 പദ്ധതി | 2,33,84,880 |
| ആകെ (രണ്ട് കോടി മുപ്പത്തി മൂന്ന് ലക്ഷത്തിഎൺപത്തി നാലായിരത്തി എണ്ണൂറ്റി എണ്പത് രൂപ) | | **2,33,84,880** |

AS/WCD/26/52382

വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ 24.07.2026-ലെ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, “കാവൽ പ്ലസ് 2026-27" പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2,33,84,880/-രൂപ (രണ്ട് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി എൺപത്തിനാലായിരത്തി എണ്ണൂറ്റി എൺപത് രൂപ മാത്രം) 2235-02-103-68 (Plan) (01) നിർഭയ പ്രോഗ്രാംസ് (34) അദർ ചാർജ്ജസ് (3) അദർ ഐറ്റംസ് എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

സന്തോഷ് കുമാർ.റ്റി.കെ.
അഡീഷണൽ സെക്രട്ടറി

വനിതാ-ശിശു വികസന വകുപ്പ്

To

ഡയറക്ടർ, വനിതാ-ശിശു വികസന വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വനിത-ശിശു വികസന (എ) വകുപ്പ് വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഓർഡർ പ്രകാരം കൈമാറി,

SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2026.08.21 02:06:06 +05:30

AS/WCD/26/52382